
● ചർച്ച

# തുഹ്ഫതുൽ മുജാഹിദീൻ ശ്രദ്ധേയമായ സമകാലിക വായന




**നാലര** നൂറ്റാണ്ട് മുമ്പ് 1553 ൽ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രചിച്ച *തുഹ്ഫതുൽ മുജാഹിദീൻ* എന്ന അറബി ഗ്രന്ഥത്തിന്റെ വർത്തമാന പ്രസക്തിയെന്ത്, വർത്തമാന ഇന്ത്യൻ സമൂഹത്തിന് മാതൃകയാക്കാവുന്ന എന്ത് സന്ദേശമാണ് തുഹ്ഫയും ഗ്രന്ഥകർത്താവും നൽകുന്നത് തുടങ്ങി ഒട്ടേറെ ചോദ്യങ്ങൾക്കിടം നൽകുന്ന തലക്കെട്ടാണ് 'തുഹ്ഫതുൽ മുജാഹിദീൻ – സമകാലിക കേരളം വായിക്കുന്നു' എന്നത്. പോർട്ടുഗീസ് അധിനിവേശത്തിനെതിരെ ധീരമായ ചെറുത്തുനിൽപ് നടത്തിയ പതിനാറാം നൂറ്റാണ്ടിലെ മലബാറിന്റെ നേർചിത്രമാണ് തുഹ്ഫ വരച്ചിടുന്നത്. അതുകൊണ്ടുതന്നെ തുഹ്ഫ അധിനിവേശ വിരുദ്ധ പോരാളികൾക്ക് എന്നും ആവേശം പകർന്നു നൽകിയിട്ടുണ്ട്. ലോകത്തിന് എക്കാലത്തും മാതൃകയാക്കാവുന്ന മതസൗഹാർദ മതേതരത്വത്തിന്റെ നേർമാതൃക സാമൂതിരി ഭരണകാലത്തെ മലബാർ മോഡലാണെന്ന പാഠമാണ് തുഹ്ഫയുടെ സമകാലിക സന്ദേശത്തിന്റെ കാമ്പും കാതലും. മതസൗഹാർദത്തിന്റെ സുവർണകാലമെന്ന് വിശേഷിപ്പിക്കാവുന്ന സാമൂതിരി-മഖ്ദൂം കാലഘട്ടത്തിന്റെ അസ്സൽ പകർപ്പ് അതിശയോക്തിയില്ലാതെ നമുക്ക് പറഞ്ഞു തരുന്നു തുഹ്ഫയുടെ താളുകൾ.

തുഹ്ഫയെക്കുറിച്ച് സോളിഡാരിറ്റി സാംസ്കാരിക വേദി 2010 ഫെബ്രുവരി 20-ന് മലപ്പുറത്ത് ഒരുക്കിയ ചർച്ച ശ്രദ്ധേയമായിരുന്നു. ചർച്ചയിൽ പങ്കെടുത്ത് സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ നടത്തിയ പ്രഭാഷണങ്ങളിൽനിന്ന്.

## എം.പി അബ്ദുസ്സമദ് സമദാനി



പതിനാറാം നൂറ്റാണ്ടിന്റെ കേരള ചരിത്രം രേഖപ്പെട്ടു കിടക്കുന്ന ആധികാരികവും പ്രഥമവുമായ ചരിത്രകൃതിയാണ് തുഹ്ഫതുൽ മുജാഹിദീൻ. തുഹ്ഫയിലൂടെ മൂന്ന് കാര്യങ്ങളാണ് പ്രധാനമായും നിർവഹിക്കപ്പെട്ടത്. ഒന്ന്, അധിനിവേശ വിരുദ്ധ പോരാട്ടത്തിന് ഉണർവും കരുത്തുമേകി. രണ്ട്, ആ കാലഘട്ടത്തിന്റെ ചരിത്ര വിശകലനം കേരളത്തിന്റെ തന്നെ ചരിത്രമായി പിൽകാലത്ത് മാറി. മൂന്ന്, സാമുദായിക മൈത്രിയുടെ ആദർശവാക്യം നമ്മെ പഠിപ്പിക്കുകയും അന്നത്തെ കേരളീയ സമൂഹത്തെ വിശദമായി വിശകലന വിധേയമാക്കുകയും ചെയ്തു.

സുപ്രസിദ്ധ ചരിത്ര പണ്ഡിതൻ അൽബറൂനി ഇന്ത്യയിൽ ചെയ്ത ദൗത്യമാണ് കേരളക്കരയിൽ മഖ്ദൂം നിർവഹിച്ചത്. സംസ്കൃതവും ഗീതയും മറ്റും ആഴത്തിൽ പഠിച്ച അൽബറൂനി സംസ്കൃത ഭാഷയിൽ വിരചിതമായ ഗ്രന്ഥങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്തു പുറം ലോകത്തിന് പരിചയപ്പെടുത്തുകയായിരുന്നു. അദ്ദേഹത്തിന്റെ കിതാബുൽഹിന്ദ് (The book of India) എന്ന ചരിത്രഗ്രന്ഥം ലോകജനതക്ക് ഇന്ത്യയെ പരിചയപ്പെടുത്തിയ ആധികാരിക കൃതിയാണ്. ഇന്ത്യയെ പഠിക്കാൻ അൽബറൂനി കൃതികൾ അവലംബിച്ചേ മതിയാകൂ. അപ്രകാരം കേരളത്തെ മനസ്സിലാക്കാൻ മഖ്ദൂം കൃതിയും ഒഴിച്ച് കൂടാനാകില്ല.

മഖ്ദൂം രാജ്യനന്മക്കായി പൊരുതുന്ന പോരാളി എന്ന നിലക്ക് മാത്രമല്ല പ്രശസ്തനാകുന്നത്. അതിലുപരി അദ്ദേഹം തികഞ്ഞ കർമശാസ്ത്ര പണ്ഡിതൻ കൂടിയായിരുന്നു. ശാഫിഈ കർമശാസ്ത്ര വീക്ഷണ രൂപീകരണത്തിൽ ലോക മുസ്‌ലിം സമൂഹം ആധികാരികമായി അവലംബിക്കുന്ന ഫത്ഹുൽ മുഈനിന്റെ കർത്താവ് കൂടിയാണദ്ദേഹം. കർമശാസ്ത്ര ന്യായം പറയുന്ന ഫത്ഹുൽ മുഈൻ എഴുതിയ അതേ കരങ്ങൾ കൊണ്ട് തുഹ്ഫ എന്ന വിപ്ലവഗ്രന്ഥവും എഴുതാനായി എന്നതാണ് അദ്ദേഹത്തെ പ്രസക്തമാക്കുന്ന പ്രധാന ഘടകം.

കുറ്റവാളികളെയും കുറ്റകൃത്യങ്ങളെയും മതത്തിലേക്ക് ചേർത്ത് വെച്ച് വർഗീയ സ്പർധയും മതവൈരവും ഊതിവീർപ്പിക്കുകയാണിന്ന്. സംവാദങ്ങളും ചർച്ചകളും അറിയാനും അറിയിക്കാനുമാണെന്നും വാദിക്കാനും ജയിക്കാനുമല്ലെന്നുമുള്ള സന്ദേശം ആരും വിലകൽപിക്കുന്നില്ല. മതങ്ങളെ വികലമായി മനസ്സിലാക്കുന്ന അനുയായികളും ദുർവ്യാഖ്യാനം ചെയ്യുന്ന എതിരാളികളും ഒരുപോലെ മതതത്വങ്ങൾ അപകടപ്പെടുത്തുന്ന പശ്ചാത്തലത്തിൽ തുഹ്ഫയുടെ സമകാലിക വായന ഗൗരവമർഹിക്കുന്നു.

അധിനിവേശം വരെ സാമുദായിക വിവേചനങ്ങളും വർഗീയ ലഹളകളും നമ്മുടെ ചരിത്രത്തിലില്ല. ഉണ്ടെങ്കിൽ അത് ഒറ്റപ്പെട്ട അപവാദങ്ങൾ മാത്രമാണ്. ഉത്തരേന്ത്യയുടെ ഹിന്ദുസ്ഥാനി എന്ന പൊതുഭാഷയെ കീറിമുറിച്ച് പലതാക്കിയതും ബാബരി പതനത്തിന് കാരണമായ അയോധ്യാ പ്രശ്നം തുടങ്ങിവെച്ചതും ബ്രിട്ടീഷുകാരാണ്. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന അധിനിവേശ തന്ത്രം നടപ്പിലാക്കാൻ പലരും ശ്രമിച്ച് കൊണ്ടിരിക്കുന്ന ഇക്കാലത്ത് തുഹ്ഫയുടെ പാഠമാണ് നാം മുറുകെപിടിക്കേണ്ടത്. തുഹ്ഫയുടെ സാംസ്കാരിക രാഷ്ട്രീയ ദർശനം പുതുലോകത്തിന് വെളിച്ചമേകും, തീർച്ച.

## എം.ജി.എസ് നാരായണൻ



ഇന്ത്യയുടെ കൾച്ചറൽ അംബാസഡറായി അറിയപ്പെടുന്നത് അൽബറൂനിയാണ്. കേരളത്തിന്റേത് മഖ്ദൂമും. യുദ്ധമോ സൈനിക സന്നാഹങ്ങളോ ഇല്ലാതെ കടൽ കടന്നെത്തിയ മാലിക്ബിൻ ദീനാറും സംഘവുമാണ് കേരളത്തിലെ ഇസ്‌ലാം പ്രചാരത്തിന്റെ തുടക്കക്കാർ. കടൽതീരത്ത് പത്ത് പള്ളികൾ പണിതാണ് ഇതിന് തുടക്കം കുറിച്ചത്. അന്ന് തുടങ്ങിയ സൗഹൃദാന്തരീക്ഷമാണ് കേരളത്തിന്റേത്. ലോകത്തെവിടെയും ഇത്രയും സുദീർഘമായ കാലം മതങ്ങൾ തമ്മിൽ ഒരുമയിലും സ്നേഹത്തിലും കഴിഞ്ഞതിന്റെ മാതൃക വേറെ കണ്ടെത്താനാകില്ല.

സെക്യുലറിസത്തിന് കനപ്പെട്ട മാതൃകയാണ് സാമൂതിരി ഭരണകാലം പകർന്നു നൽകുന്നത്. ഇന്ത്യൻ സെക്യുലറിസം പാശ്ചാത്യരിൽനിന്നും കടം കൊണ്ടതല്ല. നിഷേധാത്മക സ്വഭാവത്തിലുള്ള മതമുക്ത മതേതരത്വമാണ് അവിടെ നിലനിന്നതെങ്കിൽ മതസൗഹാർദ മതേതരത്വമാണ് ഇന്ത്യയുടേത്. ഇതിന്റെ നേർചിത്രമാണ് തുഹ്ഫ വരച്ചിടുന്നത്. ജാതിവ്യവസ്ഥയും ബ്രാഹ്മണ ക്ഷത്രിയ മേധാവിത്വവും മൂർത്തമായി നിലനിന്നപ്പോൾ തന്നെ ഇതിന് വിരുദ്ധമായ ഇസ്‌ലാമിക ദർശനത്തെ അവർ എതിർത്തില്ലെന്ന് മാത്രമല്ല മനസ് തുറന്ന് സ്വാഗതം ചെയ്യുകയും ചെയ്തു.

സാമൂതിരി ഭരണകൂടം മുസ്‌ലിംകൾക്ക് പള്ളികൾ നിർമിച്ച് നൽകിയും അതിന്റെ നടത്തിപ്പിനായി പാടവും പറമ്പും വരുമാന മാർഗമായി നിശ്ചയിച്ച് കൊടുത്തും അവർക്ക് പൂർണ പിൻബലമേകി. പല പ്രദേശങ്ങളുടെയും ഗവർണർ പദവിയും തുറമുഖ നിയന്ത്രണവും മാപ്പിളമാരെയാണ് അദ്ദേഹം ഏൽപിച്ചത്. മുസ്‌ലിം പ്രശ്നങ്ങൾക്ക് തീർപ്പ് കൽപിക്കാനുള്ള അധികാരം ഖാദികൾക്ക് പൂർണമായി വകവെച്ച് നൽകിയ സാമൂതിരി തന്നെയാണ് പള്ളിയിൽ പോകാത്ത മുസ്‌ലിംകളെ ശിക്ഷിച്ചിരുന്നത് എന്നത് ഏറെ കൗതുകമുളവാക്കുന്നു.

അറബ് മലബാർ ബന്ധം പതിറ്റാണ്ടുകൾ പഴക്കമുള്ളതാണ്. ഇരു പ്രദേശങ്ങളും തമ്മിലെ ഗതാഗത സൗകര്യമായിരുന്നു ഈ ബന്ധത്തിനാധാരം. കേരളത്തിൽനിന്നും ബംഗാളിലെത്താൻ ഒരുവർഷത്തെ സഞ്ചാരദൈർഘ്യമുണ്ടായിരുന്ന അക്കാലത്ത് കേരളവും അറബ് നാടും തമ്മിൽ 40 ദിവസത്തെ വഴിദൂരം മാത്രമാണുണ്ടായിരുന്നത്.

സാമൂതിരിയും നായർപടയും മാപ്പിളമാരും തോളോട് തോൾ ചേർന്നുനിന്ന് നടത്തിയ പോർട്ടുഗീസ് വിരുദ്ധ പോരാട്ടങ്ങൾ കേരളത്തിന്റെ അധിനിവേശ വിരുദ്ധ പോരാട്ടത്തിന് ആവേശം പകർന്ന അധ്യായങ്ങളുടെ തുടക്കമായിരുന്നു.

പരസ്പരം സഹാനുഭൂതിയിലൂന്നിയ അവരുടെ സാംസ്കാരിക മേന്മ ഇന്നും തിളക്കത്തോടെ നിലനിൽക്കുന്നു. എന്നാൽ വീക്ഷണഗുണങ്ങളും ദാർശനിക മഹത്വവും നമുക്കിന്ന് കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. തുഹ്ഫയുടെ പുനർവായന നമ്മെ ആത്മപരിശോധനക്ക് പ്രേരിപ്പിക്കേണ്ടതുണ്ട്. 16-ാം നൂറ്റാണ്ടിന്റെ ദാർശനികൻ മഖ്ദൂം നൽകിയ ആത്മീയ സാംസ്കാരിക നേതൃത്വത്തിലാണ് ഇന്ത്യൻ സെക്യുലറിസത്തിന്റെ അടിത്തറ പാകിയിട്ടുള്ളത്.

## പി.ടി കുഞ്ഞുമുഹമ്മദ്



മലയാളി സ്വന്തം ചരിത്രം അന്വേഷിക്കാൻ ശ്രമിക്കുന്നു എന്നതാണ് ഈ ചർച്ചയിൽ ഞാൻ കാണുന്ന ഏറ്റവും പ്രധാന ക്രിയാത്മകത. എന്റെ നാടായ ഗുരുവായൂരിനെക്കുറിച്ച ചരിത്രാന്വേഷണം എന്നെ കൊണ്ടെത്തിച്ചത് തുഹ്ഫയിൽ പറയുന്ന മതേതര-ബഹുസ്വരതയുടെ സുന്ദരമാതൃകയിലേക്കാണ്. ജീവിത യാഥാർഥ്യങ്ങളിൽ ഊന്നിയ സെക്യുലറിസമാണ് നമ്മുടേത്. ചരിത്രത്തിൽ പഠിപ്പിക്കപ്പെടുന്ന ഫ്രഞ്ച് വിപ്ലവമാണ് സെക്യുലറിസത്തിന്റെ അടിത്തറ പാകിയതെന്ന പാഠങ്ങൾ ശുദ്ധ അസംബന്ധമാണ്. 1735ൽ ജനിച്ച ഹൈദ്രോസ് കുട്ടി മൂപ്പൻ എന്റെ നാടിനടുത്തുള്ള ചാവക്കാട്ടുകാരനാണ്. അദ്ദേഹത്തിന്റെ പിതാവ് സാമൂതിരിയുടെ നികുതി പിരിവുകാരനായിരുന്നു. പിതാവിന്റെ പടയാളികളായിരുന്ന അഞ്ച് ഈഴവ കുടുംബങ്ങൾ ഇന്നും ചാവക്കാട്ടുണ്ട്. പിന്നീട് ടിപ്പുവിന്റെ കാലത്ത് ഹൈദ്രോസ് കുട്ടി മൂപ്പൻ ഗുരുവായൂർ ഗവർണറായി നിയമിക്കപ്പെട്ടു. ഗുരുവായൂരമ്പലത്തിന്റെ കസ്റ്റോഡിയൻ കൂടിയായിരുന്ന അദ്ദേഹം എല്ലാമാസവും അമ്പലത്തിന്റെ കണക്കുകൾ പരിശോധിക്കും. ടിപ്പുവാകട്ടെ 800 ഏക്കർ ഭൂമിയാണ് ഗുരുവായൂർ ക്ഷേത്രത്തിന് നൽകിയത്. ടിപ്പുവിന്റെ സത്യമംഗലം ഗവർണറായിരുന്നു ബ്രാഹ്മണനായ ശ്രീനിവാസ അയ്യർ. ഇതാണ് ഭൂതകാലം പറഞ്ഞ് തരുന്ന ചരിത്ര യാഥാർഥ്യങ്ങളുടെ ഒരുവശം.

ചരിത്രം നമ്മെ ഓർമപ്പെടുത്തുന്നത് നിഷേധങ്ങളുടെയും ഒളിച്ചോട്ടത്തിന്റെയും മാതൃകകളല്ല. മറിച്ച് ക്രിയാത്മകതയുടെയും മുന്നേറ്റത്തിന്റെയും മാതൃകകളാണ്. ഗ്രീക്ക് ചിന്തകളാണ് ലോകത്തിന് വെളിച്ചമേകിയതെന്നും മധ്യകാലഘട്ടം ഇരുട്ട് നിറഞ്ഞതാണെന്നും യൂറോപ്യൻ നവോത്ഥാനത്തിനിപ്പുറമാണ് പിന്നീട് ലോകത്തിന് വെളിച്ചം കിട്ടിയതെന്നുമുള്ള ചരിത്രപാഠം യാഥാർഥ്യത്തോട് നിരക്കാത്ത തെറ്റിദ്ധരിപ്പിക്കലുകളാണ്. ലോകത്ത് ആദ്യം നിലവിൽ വന്ന സർവകലാശാല മുസ്‌ലിം ഈജിപ്ത് നിർമിച്ച അൽഅസ്ഹറാണ്. അൽ ഹസൻ, ഖവാരിസ്മി, ഇബ്നുസീനാ, ഇബ്നു ഹൈതം ഉൾപ്പെടെയുള്ള മുസ്‌ലിം ശാസ്ത്രജ്ഞരാണ് ആധുനിക ശാസ്ത്ര പുരോഗതിയുടെ യഥാർഥ കാരണക്കാർ എന്നതാണ് ചരിത്ര സത്യം.

## ഡോ. എം. ഗംഗാധരൻ



ചരിത്ര രചനകൾക്ക് ഇന്ത്യ എക്കാലത്തും പ്രാധാന്യം കൊടുത്തിട്ടില്ല. അറിയപ്പെട്ട ഒരു ഹൈന്ദവ ചരിത്രകാരനെയും ഉയർത്തിക്കാട്ടാനില്ലാത്ത കാലത്താണ് സൈനുദ്ദീൻ മഖ്ദൂം തുഹ്ഫ രചിക്കുന്നത്. കേരളത്തിന്റെ അക്കാലത്തെ ചിത്രം വ്യക്തമാക്കുന്ന ലഭ്യമായ ചരിത്ര ഗ്രന്ഥങ്ങളിൽ ഏറെ മികച്ച് നിൽക്കുന്ന കൃതിയാണിത്.

ഇന്ത്യൻ മതേതരത്വം മതസൗഹാർദത്തിൽ അധിഷ്ഠിതമാണ്. ഗാന്ധിജി 'മതേതരത്വം' എന്നതിന് പകരം 'മതസൗഹാർദം' എന്നാണ് ഉപയോഗിച്ചത്. യൂറോപ്യൻ മതേതരത്വം മതമുക്തമാണ്. കമ്യൂണിസ്റ്റുകാരും മതമുക്ത മതേതരത്വത്തെക്കുറിച്ചാണ് പറഞ്ഞ് പോന്നത്. പാശ്ചാത്യ നാടുകളിൽ മതസൗഹാർദ മതേതരത്വമല്ല, ഏകമുഖ മതേതരത്വമാണ് നിലനിൽക്കുന്നത്. ഇംഗ്ലണ്ടിലും അമേരിക്കയിലും പ്രൊട്ടസ്റ്റന്റും ഫ്രാൻസിൽ കാത്തലിക്സും ഉന്നത സ്ഥാനീയങ്ങൾ ഇന്നും നിലനിർത്തുന്നത് അതുകൊണ്ടാണ്.

സത്യത്തിലേക്ക് പലവഴികളുണ്ട് എന്ന മേതതര മൂല്യമാണ് ഇന്ത്യ എന്നും ഉയർത്തിപ്പിടിച്ചത്. ഗാന്ധിജിയുടെ മതം തന്നെ സത്യമായിരുന്നു. തുഹ്ഫയും ഈ വൈവിധ്യങ്ങളുടെ സമ്മേളനത്തെ കുറിച്ചാണ് പറയുന്നത്. പരസ്പരാശ്രിതത്വം നില നിർത്തിയെങ്കിൽ മാത്രമേ മതേതരത്വം നിലനിൽക്കുകയുള്ളൂ. രാജ്യനിവാസികൾ പരസ്പരവും മറ്റ് രാഷ്ട്രങ്ങളുമായും ഈ ആശ്രിതത്വ മനോഭാവമുണ്ടാകണം. സെക്യു ലറിസം ഭരണഘടനയിൽ എഴുതിവെച്ചതുകൊണ്ടോ രാഷ്ട്രീയപാർട്ടികൾ മുദ്രാവാ ക്യമാക്കിയതു കൊണ്ടോ പ്രയോഗവൽക്കരിക്കാനാകില്ല.

തുഹ്ഫയുടെ ചരിത്രവും മുസ്‌ലിം ചരിത്രവും പരസ്പരാശ്രിതത്വത്തിന്റെതാ ണ്. 6-7 നൂറ്റാണ്ടുകളിൽ ലോകത്തുണ്ടായിരുന്ന ജ്ഞാനപുസ്തകങ്ങളെല്ലാം അറ ബിയിലേക്ക് തർജമ ചെയ്ത് ബഗ്ദാദിൽ സൂക്ഷിച്ചിരുന്നത് അതുകൊണ്ടാവാം. മനു ഷ്യസംസ്കാരത്തെക്കുറിച്ച ഏറ്റവും ആധികാരിക പഠനമായ ഇബ്നു ഖൽദൂനിന്റെ മുഖദ്ദിമ അദ്ദേഹം രചിക്കുന്നതും സംസ്കാരങ്ങൾ തമ്മിലുള്ള പരസ്പരാശ്രിതത്വ ത്തിന്റെ ഭാഗമായാണ്. പിൽക്കാലത്ത് ടോയൻബിയുടെ നിരീക്ഷണങ്ങൾക്ക് പോലും ആധാരമായത് മുഖദ്ദിമയായിരുന്നു. ഒരു സംസ്കാരവും ഒറ്റക്ക് വളരില്ലെന്നതും പര സ്പരാശ്രിതത്വവും സൗഹൃദവുമുണ്ടെങ്കിലേ വളർന്ന് പന്തലിക്കൂ എന്ന പാഠവുമാണ് തുഹ്ഫ നൽകുന്നത്.

## സി. ഹംസ



മഖ്ദൂമിന്റെ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന്റെ പ്രത്യയ ശാസ്ത്രം അദ്ദേഹത്തിന്റെ സൂഫി-ത്വരീഖത്ത് പാരമ്പര്യമാണ്. സുന്നി പണ്ഡിതനായിരുന്ന അദ്ദേഹം ഖാദിരിയാ ത്വരീഖത്തിന്റെ ആധ്യാ ത്മിക ഗുരുകൂടിയായിരുന്നു.

പോർട്ടുഗീസുകാർ ഇന്ത്യയിലെത്താനുള്ള ന്യായം 1553ൽ തുർക്കി കോൺസ്റ്റന്റിനോപ്പിൾ പിടിച്ചടക്കിയതോടെയാണ് യൂറോപ്പ് രൂപപ്പെടുത്തുന്നത്. ഏലം, കുരുമുളക്, കറുകപ്പട്ട തുടങ്ങിയ ഉൽപ ന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള പുതുവഴി അന്വേഷിക്കേണ്ട നിർബ ന്ധിത സാഹചര്യത്തിലാണ് വാസ്കോഡഗാമ കേരളത്തിൽ വരുന്ന ത്. 317 ദിവസം നീണ്ട് നിന്ന ഗാമയുടെ കപ്പൽ യാത്രയുടെ സാഹസികതയും നാം മനസിലാക്കണം.

ആധുനിക നാഗരികത നമുക്ക് നൽകിയ ഭൗതിക പുരോഗതിയും ജനാധി പത്യ ബോധവും യഥാർഥത്തിൽ 16-ാം നൂറ്റാണ്ടിന്റെ സംഭാവനയാണ്. ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് അവർ നടത്തിയ പോരാട്ടങ്ങളും ചെറു ത്തുനിൽപുകളുമാണ് തുഹ്ഫയുടെ പ്രതിപാദ്യം. അന്ന് സായുധ പ്രതിരോധമായി രുന്നുവെങ്കിൽ ജനാധിപത്യ പ്രതികരണമാണ് ഇന്ന് നമുക്കാവശ്യം. ഇസ്‌ലാമിക രാഷ്ട്രം ലക്ഷ്യമാക്കിയല്ല മഖ്ദൂം ജിഹാദിനാഹ്വാനം ചെയ്തത്. സാമൂതിരിക്ക് കീഴിൽ അധിനിവേശകർക്കെതിരെ പോരാടണമെന്നും അതിൽ മരണപ്പെട്ടവർ ശഹീദും സ്വർഗാവകാശിയും ആണെന്നുമായിരുന്നു തുഹ്ഫയുടെ ആഹ്വാനം.

കേരളത്തിന്റെ ചരിത്രത്തെക്കുറിച്ചും സമകാലികതയെക്കുറിച്ചും നമുക്ക് ധാര ണകളുണ്ടാകണം. എങ്കിൽ മാത്രമേ ക്രിയാത്മകമായി തുഹ്ഫയെ വായിക്കാനാകൂ. സമകാലിക കേരളത്തിന് തുഹ്ഫ നൽകുന്ന സന്ദേശങ്ങൾ നാം സമഗ്രമായി ഉൾക്കൊ ള്ളുകയാണ് വേണ്ടത്.

## കെ. അബൂബക്കർ



നമ്മുടെ സ്വാതന്ത്ര്യബോധം ഇംഗ്ലീഷുകാരുടേതിൽനിന്നും വ്യത്യസ്തമല്ല ഇപ്പോഴും. നാം സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിച്ച് തുടങ്ങിയത് തന്നെ യൂറോപ്യൻ സ്വാതന്ത്ര്യ-സമത്വബോധം കടം കൊണ്ടതിന് ശേഷമാണ്. ഒരു സൈനിക ഭരണം ഇന്ത്യൻ ജനതയുടെ മേൽ അടിച്ചേൽപിക്കുന്നത് മണ്ടത്തരമാണെന്ന തിരിച്ചറിവിൽനിന്നാണ് ബ്രിട്ടീഷുകാർ ഇന്ത്യവിട്ട് പോകാൻ തയാറായത്. അധിനിവേശത്തിലൂടെ തുടങ്ങിയതെല്ലാം ഇന്ത്യയുടെ 'വിദ്യാഭ്യാസമുള്ള തലമുറ' പൂർത്തീകരിക്കുമെന്ന ഉറപ്പാണ് ബ്രിട്ടീഷുകാരുടെ പിൻമാറ്റത്തിന്റെ അടിസ്ഥാന കാരണം.

നമ്മുടെ രാജ്യം അധിനിവേശ അടിമത്തത്തിലേക്ക് വീണ്ടും പോയിക്കൊണ്ടിരിക്കുകയാണ്. കാർഷിക രംഗം അധിനിവേശ ശക്തികൾക്ക് നാം പതിച്ച് നൽകികഴിഞ്ഞു. പുതിയ വളവും വിത്തും കൃഷിരീതിയുമെല്ലാം നിർമിച്ചെടുക്കുന്നതിന്റെ ഫലമായി പരമ്പരാഗത വിത്തുകളും അവയുടെ പ്രതിരോധ ശേഷിയും ജൈവസംരക്ഷണ സംവിധാനങ്ങളുമെല്ലാം താറുമാറായിക്കഴിഞ്ഞു. ഏറ്റവുമൊടുവിൽ ബിടി വഴുതനയുടെ മുമ്പിൽ നാം സാഷ്ടാംഗമർപ്പിച്ചിരിക്കുകയാണ്. പരമ്പരാഗത കർഷകരെ കൈയൊഴിഞ്ഞ് ആഗോള കോർപ്പറേറ്റുകളെ പ്രതിഷ്ഠിച്ചിരിക്കുകയാണിന്ന് നാം.

വ്യാവസായിക മേഖലയും ഇപ്രകാരം തന്നെ. പരമ്പരാഗത വ്യാവസായിക മേഖല തകർച്ചയുടെ നെല്ലിപ്പടിയിലെത്തിനിൽക്കുന്നു. മണ്ണിന്റെ ഗന്ധവും പൾസുമറിയാത്ത വ്യവസായ വൽകരണം വ്യാപകമായി കഴിഞ്ഞു. അതിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളിലൊന്നാണ് പ്ലാച്ചിമട. പദ്ധതികൾ നടപ്പിലാക്കുന്നത് നാമും ഫലം കൊയ്യുന്നത് വിദേശ കുത്തകകളുമെന്ന അവസ്ഥയിലെത്തിയിരിക്കുന്നു കാര്യങ്ങൾ.

ഉൾനാടൻ പ്രശ്നങ്ങൾപോലും നാം പഠിക്കുന്നത് പാശ്ചാത്യൻ പൊതുബോധത്തിൽ രൂപപ്പെട്ട അളവുകോലുകളുപയോഗിച്ചു കൊണ്ടാണ്. ഇന്ത്യൻ രീതികളും ശൈലികളും ശ്രദ്ധിക്കാത്ത വൈദേശിക സാഹിത്യ സാംസ്കാരിക കടം കൊള്ളലുകൾ എല്ലാ രംഗത്തും വ്യാപകമായിക്കഴിഞ്ഞു. സ്വാതന്ത്ര്യബോധം മാത്രമല്ല സ്വത്വബോധം പോലും നഷ്ടപ്പെട്ട ഈ കൊളോണിയൽ കാലഘട്ടത്തിൽ തുഹ്ഫയുടെ സന്ദേശം ഏറെ പ്രസക്തമാണ്.

## മുജീബുർറഹ്മാൻ കിനാലൂർ



ചരിത്രം താരാട്ട് പാടിയുറക്കാനുള്ളതല്ല. ഉണർത്താനുള്ളതാണ്. തുഹ്ഫ വായിക്കുന്ന സമകാലിക സമൂഹം മനസിലാക്കേണ്ട പ്രധാനകാര്യം ഇതുതന്നെയാണ്. സോളിഡാരിറ്റി ഈ ഗ്രന്ഥം കൊണ്ട് സമൂഹത്തെ എങ്ങനെ ഉണർത്താനാകുമെന്ന് ആലോചിക്കുകയാണിവിടെ. തുഹ്ഫ എന്ന ഗ്രന്ഥം രൂപപ്പെടുന്ന പശ്ചാതലം മഖ്ദൂം അതിൽതന്നെ വിശദീകരിക്കുന്നുണ്ട്. മുസ്‌ലിം സമൂഹം ജീർണതകൾക്കടിപ്പെട്ട സാഹചര്യത്തിൽ ഖുർആനും ഹദീസും മുന്നോട്ട് വെക്കുന്ന ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാനുള്ള ആഹ്വാനം കൂടിയാണ് തുഹ്ഫയുടേത്.

തുഹ്ഫയുടെ സന്ദേശം കീഴടങ്ങാനുള്ളതല്ല. ജയിച്ചടക്കാനും മുന്നേറാനുമുള്ളതാണ്. മനുഷ്യനെ ദൈവപ്രതിനിധിയായി നിശ്ചയിച്ചത് നേതൃത്വം നൽകുന്നവരാകാനാണെന്ന് ഖുർആൻ പറയുന്നുണ്ട്. ചരിത്രം എന്തിന്

വേണ്ടി എന്ന ചോദ്യത്തിന് മൂർത്തമായ ഉത്തരം നൽകുന്ന കൃതിയാണ് തുഹ്ഫ. ചരിത്രം നമുക്ക് ആവേശവും മാതൃകയുമാകേണ്ടതുണ്ടെന്ന പാഠം തുഹ്ഫ നമ്മെ പഠിപ്പിക്കുന്നു. യൂറോപ്പിന്റെ വിജ്ഞാനപാരമ്പര്യമല്ല തുഹ്ഫയുടേത്. ഇസ്‌ലാമിന്റെ തണലിൽനിന്ന് കൊണ്ട് ഹദീസ് റിപ്പോർട്ടിംഗിൽ സ്വീകരിച്ച അതിസൂക്ഷ്മതയുടെ പാരമ്പര്യത്തിൽ നിന്നാണ് തുഹ്ഫ എന്ന ചരിത്രമെഴുത്ത് ഉണ്ടാകുന്നത്.

## കെ. മുഹമ്മദ് അബ്ദുസ്സത്താർ



തുഹ്ഫയുടെ മലയാള പരിഭാഷ പുറത്ത് വരാൻ നാല് നൂറ്റാണ്ട് കാത്തിരിക്കേണ്ടി വന്നു എന്നത് ഏറെ ഖേദകരമാണ്. 1962ൽ വേലായുധൻ പണിക്കശ്ശേരി 'കേരളം 15, 16 നൂറ്റാണ്ടുകളിൽ' എന്ന പേരിൽ ആദ്യമായി തർജമ പ്രസിദ്ധീകരിച്ചു. ഈ വിവർത്തന കൃതിയുടെ ആമുഖക്കുറിപ്പിൽ ഇളംകുളം കുഞ്ഞൻപിള്ള ഇങ്ങനെ എഴുതുന്നു: 'പറങ്കികൾക്കെതിരെയുള്ള യുദ്ധം ആദ്യ സ്വാതന്ത്ര്യ സമര പോരാട്ടമായിരുന്നു. നിഷ്പക്ഷ വീക്ഷണത്തോടെ ചരിത്രത്തെ സമീപിക്കാൻ തുഹ്ഫയിലൂടെ നമുക്കാകുന്നു....... നമ്മുടെ മാതൃഭൂമിക്കെതിരെ പൈശാചിക ആക്രമണം അഴിച്ചുവിട്ട ശത്രുവിന്റെ നേർക്ക് സ്ത്രീപുരുഷ ഭേദമന്യേ എല്ലാവരെയും ഒരുമിപ്പിക്കുകയെന്നതാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം."

800ലധികം ഗവേഷണ പഠനങ്ങളിൽ തുഹ്ഫ ചർച്ചചെയപ്പെട്ടിട്ടുണ്ട്. തുഹ്ഫയെ തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളും നടക്കുന്നുണ്ട്. ഇന്റർനെറ്റിൽ 'ഇസ്‌ലാമിക ഭീകരവാദികൾക്ക് ആവേശം നൽകുന്ന ഗ്രന്ഥം' എന്ന് തുഹ്ഫയെ പരിചയപ്പെടുത്തുന്നത് ഇതിന്റെ ഭാഗമാണ്.

തുഹ്ഫ മനുഷ്യരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് പറയുന്നത്. സാമുദായിക-മത സൗഹാർദത്തിനുള്ള ശക്തമായ പ്രേരണയും നൽകുന്നു. സാമൂതിരിക്ക് വേണ്ടി പ്രാർഥിക്കുന്ന മാപ്പിളമാരും പ്രാർഥിക്കാൻ ആഹ്വാനം ചെയ്യുന്ന തുഹ്ഫയും മത ജാതി ഭിന്നതകൾക്കതീതമായി അവർക്കിടയിലുണ്ടായിരുന്ന സാഹോദര്യ ബന്ധത്തെ ഊന്നിപ്പറയുന്നു. 1572ൽ കുഞ്ഞാലി മൂന്നാമൻ പുതുപ്പണം കോട്ടയിൽ മരണാസന്നനായി കിടക്കുമ്പോൾ സന്ദർശിച്ച സാമൂതിരിക്ക് നൽകുന്ന അന്ത്യമൊഴി കെ.പി കേശവമേനോൻ തന്റെ 'ദാനഭൂമി' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'നമ്മുടെ വിജയത്തിന്റെ കാരണം പടക്കോപ്പല്ല. ഐക്യമാണ്. ജാതിയും മതവും ശത്രുവിനെ നേരിടുന്നതിന് നമുക്ക് തടസ്സമല്ല. ഈ യോജിപ്പ് ഇനിയും വളർത്തണം. പടച്ചവൻ സഹായിക്കട്ടെ.'

## സി.ടി സാദിഖ് മൗലവി



നവകൊളോണിയലിസത്തെ ചെറുക്കാനുള്ള കരുത്തുറ്റ പ്രചോദനമാണ് തുഹ്ഫ. വൈജ്ഞാനിക കാർഷിക വ്യവസായിക ജിഹാദ് ഈ കാലഘട്ടത്തിൽ നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് തുഹ്ഫ നമ്മെ ക്ഷണിക്കുന്നു. സ്വന്തമായി പഠന ഗവേഷണങ്ങൾ നടത്തിയും നമുക്കാവശ്യമുള്ളത് നാം തന്നെ ഉൽപാദിപ്പിച്ചും വിദേശ കടങ്ങൾ സ്വീകരിക്കാതെയും നാം സ്വയം പര്യാപ്തരായിരിക്കേണ്ടതിന്റെ ആവശ്യകതയാണ് തുഹ്ഫ പകർന്നു നൽകുന്നത്.

മതങ്ങൾ തമ്മിലുള്ള സൗഹൃദവും ഐക്യവും കൂടുതൽ

കെട്ടുറപ്പും ഭദ്രവുമാക്കേണ്ടതുണ്ട്. ഭീകരവാദവും നീതിനിഷേധവും മനുഷ്യസമൂഹത്തിനാപത്താണ്. ഭരണകൂട ഭീകരതയാണ് ഇന്ന് ഏറ്റവും വലിയ പ്രശ്നം. രാഷ്ട്രീയത്തിന്റെ പേരിൽ കഴുത്തറുക്കുന്നത് അവസാനിപ്പിക്കണം. അയൽപക്കബന്ധം ശക്തിപ്പെടുത്തണം. ചൈനയും പാകിസ്താനും ഉൾപ്പെടെ അയൽ രാഷ്ട്രങ്ങളുമായി നാം നല്ല ബന്ധത്തിലായിരിക്കണം. ലോകത്തിലെ ഏറ്റവും ശക്തമായ രാജ്യമായി നാം മാറണം. ഇതിനുള്ള പ്രചോദനമാകട്ടെ തുഹ്ഫയും മഖ്ദൂം സാമൂതിരി മാതൃകകളും.

## ടി. ശാക്കിർ



തുഹ്ഫതുൽ മുജാഹിദീൻ മതപശ്ചാത്തലമുള്ള ഗ്രന്ഥമാണ്. സാമൂഹികാവശ്യങ്ങളുടെ പൂർത്തീകരണത്തിനായി മതത്തെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിന്റെ പ്രാമാണികതയാണ് തുഹ്ഫ. മുഖ്യധാരാ ചരിത്രഗ്രന്ഥങ്ങളിൽനിന്നും തുഹ്ഫ നിഷ്കാസിതമാകാൻ രണ്ട് കാരണങ്ങളുണ്ട്. ആധുനിക മതേതര സങ്കൽപത്തിൽ അധിഷ്ഠിതമായ രചനാരീതിയോട് താദാത്മ്യപ്പെടുന്നതല്ല തുഹ്ഫ എന്ന പൊതുബോധമാണ് മതേതര ബുദ്ധികേന്ദ്രങ്ങൾ പ്രചരിപ്പിച്ചിട്ടുള്ളത്. മതാധിഷ്ഠിതവും മത പ്രമാണങ്ങൾ സഹിതം വിശദീകരിക്കുന്നതുമായ ഒരു ഗ്രന്ഥം സെക്യുലർ ചട്ടക്കൂടിന്റെ പുറത്തായിരിക്കണമെന്ന് ബോധപൂർവം തീരുമാനിക്കപ്പെട്ടതാണ് തുഹ്ഫ പൊതുധാരയിൽനിന്നും മാറ്റിനിർത്തപ്പെടാനുള്ള ഒന്നാമത്തെ കാരണം.

രണ്ടാമത്തേത്, തുഹ്ഫയെ ഏറ്റെടുക്കേണ്ടിയിരുന്നത് മുസ്‌ലിം സമൂഹമായിരുന്നു. അവർ അത് ഏറ്റെടുത്തില്ലെന്ന് മാത്രമല്ല; ചരിത്രത്തെ സെക്യുലർ കണ്ണുകൾകൊണ്ട് നോക്കിക്കാണുകയും ആധുനിക പൊതുബോധത്തിന് ഉൾക്കൊള്ളാനാകാത്തതാണ് ഇതെന്ന് അവർ തീരുമാനിക്കുകയും ചെയ്തു. കേരളത്തിന്റെ പൊതുബോധം തുഹ്ഫയെ ഏറ്റെടുക്കുന്നതിന്റെ തുടക്കമാകട്ടെ ഈ സമകാലിക വായന.

## കെ.ടി ഹുസൈൻ



ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ നിന്നെല്ലാം വ്യത്യസ്ഥമായി കാലങ്ങളായി സഹിഷ്ണുതയിലും സഹവർതിത്വത്തിലും അധിഷ്ഠിതമായ ശക്തമായ സാമൂഹിക ബന്ധം നിലനിൽക്കുന്ന പ്രദേശമാണ് കേരളം. കേരളീയ സമൂഹം ആർജിച്ച സാമൂഹികവും സാംസ്കാരികവുമായ വികാസത്തിനും പുരോഗതിക്കുമെല്ലാം നിദാനമായ ഈ സാമൂഹിക ബന്ധങ്ങളെ രൂപപ്പെടുത്തുന്നതിൽ ചരിത്രപരമായ പങ്ക് വഹിച്ച രചനകളിലൊന്നാണ് തുഹ്ഫ.

സാമ്രാജ്യത്വ മോഹവുമായി ഇന്ത്യയിലെത്തിയ ആദ്യത്തെ കൊളോണിയൽ ശക്തിയായ പോർട്ടുഗീസുകാരുടെ നിഷ്ഠുരമായ അധിനിവേശത്തിന്റെ വസ്തുനിഷ്ഠമായ ചരിത്രം കോറിയിടുന്നതോടൊപ്പം കൊളോണിയലിസത്തിന്റെ സൂക്ഷ്മ രാഷ്ട്രീയത്തെയും അതിന്റെ ശക്തി ദൗർബല്യങ്ങളെയും വിശകലനം ചെയ്ത് അതിനോട് സ്വീകരിക്കേണ്ട താത്വികവും പ്രായോഗികവുമായ നിലപാട് മുന്നോട്ട് വെക്കുകയാണ് ഈ ഗ്രന്ഥം.

പോർട്ടുഗീസുകാരുടെ ആഗമനം വരെ കടലിൽ ആധിപത്യമുണ്ടായിരുന്ന

മുസ്‌ലിംകളുടെ  പൊടുന്നനെയുള്ള പരാജയത്തിനും പറങ്കികളുടെ വിജയത്തിനുമുള്ള ആന്തരികവും ബാഹ്യവുമായ കാരണങ്ങളെ കുറിച്ച് ശ്രദ്ധേയമായ നിരീക്ഷണങ്ങളാണ് ഗ്രന്ഥകാരൻ നടത്തുന്നത്. വിശ്വാസ, കർമ രംഗങ്ങളിൽ മുസ്‌ലിംകളെ ബാധിച്ച ജീർണതയും ഭൗതിക പ്രമത്തതയുമാണ് പരാജയത്തിനുള്ള ഒരു കാരണമെങ്കിൽ മറ്റൊരു കാരണം അവർക്കിടയിലെ അനൈക്യവും ശിഥിലീകരണ പ്രവണതകളുമാണെന്ന് ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു. കൊളോണിയൽ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പ്രദർശിപ്പിക്കുന്ന ഐക്യവും ക്ഷമാപൂർണമായ ആസൂത്രണങ്ങളുമാണ് പോർട്ടുഗീസുകാരുടെ പ്രധാന ശക്തിയെന്ന് അദ്ദേഹം പ്രത്യേകം എടുത്ത് പറയുകയും ചെയ്യുന്നുണ്ട്.

ജിഹാദെന്നാൽ പലരും പ്രചരിപ്പിക്കുന്നത് പോലെ വിശുദ്ധ യുദ്ധമോ മതഭ്രാന്തിന്റെ പ്രകടനമോ അല്ലെന്നും മറിച്ച് അധിനിവേശത്തിൽനിന്ന് രാജ്യത്തെയും സമൂഹത്തെയും രക്ഷിക്കാനുള്ള തദ്ദേശീയരുടെ വിമോചനപ്പോരാട്ടമാണെന്നുമാണ് ഇത് വ്യക്തമാക്കുന്നത്. അതിൽ ജാതിയോ മതമോ പരിഗണനീയമല്ലെന്നും തുഹ്ഫയുടെ നിലപാടിൽനിന്ന് വ്യക്തമാകുന്നു. സാമൂതിരിയും അദ്ദേഹത്തിന്റെ ഹിന്ദു, മുസ്‌ലിം പ്രജകളും മാത്രമല്ല ഇന്ത്യക്കകത്തും പുറത്തുമുള്ള മുസ്‌ലിം രാജാക്കന്മാരും കൂടി ചേർന്നുള്ള കൊളോണിയൽ വിരുദ്ധ വിശാല ജിഹാദ് മുന്നണിയാണ് തുഹ്ഫത്തുൽ മുജാഹിദീൻ വിഭാവനം ചെയ്യുന്നത്.

ഈ ഗ്രന്ഥത്തിൽ പ്രശംസിക്കപ്പെടുന്ന ഏക മുസ്‌ലിം ഭരണാധികാരി ബീജാപൂരിലെ അലി ആദിൽഷായാണ്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം സുന്നി വിചാര ധാരയുടെ വക്താവും അലി ആദിൽഷാ ഇറാനിയൻ പാരമ്പര്യമുള്ള ശീഈ വിശ്വാസിയുമായിരുന്നു. സുന്നികളും ശിയാക്കളും തമ്മിൽ മൗലികമായ വിയോജിപ്പുകൾ നിലനിൽക്കെ തന്നെ ശീഈ ആദർശക്കാരനായ രാജാവിനെ സുന്നിയായ മഖ്ദൂം ആദരിച്ചതിലൂടെ ഇസ്‌ലാമിക സമൂഹത്തിനകത്തെ ബഹുസ്വരതയുടെ പാഠമാണ് ഗ്രന്ഥകാരൻ നൽകുന്നത്. ചുരുക്കത്തിൽ എക്കാലത്തേക്കുമായി സംരക്ഷിക്കപ്പെടേണ്ട നമ്മുടെ സംസ്കാരത്തിലെ മഹത്തായ ഈടുവെപ്പുകളിലൊന്നാണ് തുഹ്ഫതുൽ മുജാഹിദീൻ. ■

**തയാറാക്കിയത്: അബ്ദുൽഹകീം**